LIBRARY ARCHIVES Kerala Legislative Assembly

സീനിയർ ഗവമ്മെണ്ട് സെക്രട്ടറി

*൩൪൨. (൩൧) ശ്രീ· കെ. ശാരങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഈ ഗവമ്മെണ്ട സവ്വീസിലുള്ള ഏററവും സീനിയർ ആയ ഗവമ്മെണ്ട് സെക്രട്ടറി ആരാണ്;

(ബി) അദ്ദേഹത്തെ ഗവമ്മെണ്ട സെക്രട്ടറിയായി ഇവിടെ നിയമിച്ചതെന്നാണ്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ & ബി) സവ്വീസ് സംയോജനം കഴിഞ്ഞിട്ടില്ലാത്തതിനാൽ ഏററവും സീനിയർ ആരാണെന്നു പറയുവാൻ നിവൃത്തിയില്ല.

ഡി. ഐ. ജി. മി. മേനോൻ

*൩൪൩. (൩൨) ശ്രീ കെ. ശാരങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഡി. ഐ. ജി. മി. കേശവമേനോനെ ഇവിടത്തെ സവ്വീസിൽ നിയമിച്ചതെന്നാണ്;

(ബി) അദ്ദേഹത്തിൻെറ ശമ്പളം എത്ര?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. കേശവമേനോനെ ഇവിടത്തെ സവ്വീസിൽ നിയമിച്ചിട്ടില്ല. തല്ക്കാലം ഒരു കൊല്ലത്തേക്ക് ഡെപ്യൂട്ട് ചെയ്തിരിക്കുകയാണ്. ഇവിടെ ചാർജ്ജ് എടുത്തതു ൨൯—൫— ൧൯൫൦-ലാണ്

(ബി) ൫൯൪—൨— ൦ രൂപയാണ്.

യാത്രപ്പടിയും ദിനബത്തയും

*൩൪൪. (൩൯) ശ്രീ. കെ. ശാരങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ജൂൺമാസം മുതൽ ആഗസ്റ്റ് അവസാനംവരെ മന്ത്രിമാരുടെ യാത്രപ്പടിയും ദിനബത്തയുംകൂടി ആകെ എത്ര രൂപാ ചിലവായിട്ടുണ്ട്;

(ബി) ടി കാലയളവിൽ ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടിയും ദിനബത്തയുംകൂടി ആകെ എന്തു ചിലവുവന്നിട്ടുണ്ട്?

ധനകാര്യവും റെവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൪, ൭൯൯—൨— ൦ രൂപാ.

(ബി) ഏതുതരത്തിലുള്ള ഉദ്യോഗസ്ഥന്മാരെയാണ് ബഹു: മെമ്പർ ഉദ്ദേശിക്കുന്നതു് എന്നു് വ്യക്തമാകുന്നില്ല.

കീഴ്സിൽബന്തികൾക്ക് മററു ജോലികൾ

*൩൪൫. (൧൦) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഗവമ്മെണ്ട് സവ്വീസിൽ ഇരിക്കുന്ന വലിയ ഉദ്യോഗസ്ഥന്മാർ കീഴ് സിൽബന്ധികളെക്കൊണ്ട് ഉദ്യോഗസംബന്ധമല്ലാത്ത മററു ജോലികൾ ചെയ്യിക്കാൻ പാടില്ലെന്നുള്ള ഗവമ്മെണ്ട് സക്കലറിന് വിപരീതമായി ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ പ്രവത്തിക്കുന്നുണ്ടോ?